

എന്റെ ദൈവം മഹത്വത്തിൽ ആർദ്രവാനായി ജീവിക്കുമ്പോൾ
സാധു ഞാനീ ക്ഷോണി തന്നിൽ ക്ലേശിപ്പാൻ
ഏതും കാര്യമില്ലെന്നെന്റെയുള്ളം ചൊല്ലുന്നു (സങ്കീ. 73:24,25)

വൈഷമ്യമുള്ളേതുകുന്നും കരകേറി നടകൊൾവാൻ
രക്ഷകനെൻ കാലുകൾക്കു വേഗമായി
തീർന്നെൻ പാതയിൽ ഞാൻ മാനിനെപ്പോലോടീടും (ഹബ. 3:19)

ആരുമെനിക്കില്ലെന്നോ ഞാൻ ഏകനായി തീർന്നുവെന്നോ
മാനസത്തിലാധിപൂണ്ടു ഖേദിപ്പാൻ
സാധു അന്ധനായി തീർന്നീടല്ലേ ദൈവമേ (സങ്കീ. 68:5,6)

എന്റെ നിത്യസ്നേഹിതന്മാർ ദൈവദൂതസംഘമത്രേ
ഇപ്പോളവർ ദൈവമുമ്പിൽ സേവയാം
എന്നേ കാവൽചെയ്തു ശുശ്രൂഷിപ്പാൻ വന്നീടും

ദുഃഖിതനായോടിപ്പോയി ഞാൻ മരുഭൂവിൽ കിടന്നാലും
എന്നെ ഓർത്തു ദൈവദൂദർ വന്നീടും
ഏറ്റം സ്നേഹചൂടോടപ്പവുമായി വന്നീടും (1 രാജാ. 19.5 - 7)

നാളെയെക്കൊണ്ടെൻ മനസ്സിൽ ലവലേശം ഭാരമില്ല
ഓരോ നാളും ദൈവമെന്നെ പോറ്റുന്നു
തന്റെ കൈകളിൽ ഞാൻ ദിനം തോറും ചാരുന്നു (മത്താ.6.38)



കാക്കകളെ വിചാരിപ്പിൻ വിതയില്ല കൊത്തുമില്ല
ദൈവം അവയ്ക്കായി വേണ്ടതേകുന്നു
ലില്ലിപുഷ്പങ്ങൾക്കുമവൻ ശോഭ നല്കുന്നു (മത്താ. 6.26)

പത്മോസ് ദ്വീപിൽ ഏകനായി ഞാൻ വസിച്ചാലും ഭയമില്ല
സ്വർഗം തുറന്നെന്റെ പ്രിയൻ വന്നീടും
മഹാദർശനത്താൽ വിവശനായിത്തീരും ഞാൻ (വെളി. 1.9-20)

ഹാ മഹേശാ കരുണേശാ പൊന്നുതാതാ നീയെനിക്കായി
വേണ്ടതെല്ലാം ദയതോന്നി നല്കുമ്പോൾ
എന്റെ ദേഹി വൃഥാ കലങ്ങുന്നതെന്തിനായ് (സങ്കീ. 23)